"Provided that a cultivating tenant shall not be entitled after the commencement of this Act to transfer such holding or any portion thereof by way of lease and every such transfer by way of lease shall be null and void." My amendment is that no tenant must be allowed to sub-lease his tenancy. The purpose of the Act is to make the tenants proprietors of the land. The whole scheme of the Act is to give ownership to the tenant and make him landlord. From start to finish that is the purpose. While that be so, to say that the land is heritable as far as the tenant is concerned is correct. We have no objection to that. But to say that it must be alienable also may be correct to some extent. For instance, alienation for the purpose of borrowing some money for cultivation, in favour of a co-operative society, that may be allowed. But a tenant should not be allowed to sub-lease his land. That is against the spirit of the Act and so should be prevented. The spirit of the Act is to make him full owner. So the words, heritable and alienable, were added. But his right of sub-lease will create a lot of complications. In this Act everywhere the tenant is protected, to the detriment of the landlord. The landlord must be anything if not beggars. That is the purpose of the Bill. Let it be so. Let us enjoy the music of it for some time after the legislation is passed. All the same, the tenant who is made the landlord, let him continue to be the landlord without losing the land. He becomes the owner. Now he will lose the land. That ought to be restricted for various reasons. (1) There will be further fragmentation of the land which is against the intention of the Government. They must become good cultivators. If at all there must be sub-lease let the option be given to the landlords. Let the present jenmies become the tenants and the present tenants become the landlords. I am afraid, the Speaker may object to it because there is no amendment to that effect.

Mr. Speaker: Why should you anticipate what I would say?

Shri R. Raghava Menon: Suppose I anticipate. We are a family and the Speaker is its head. I think the Speaker is sympathetic and forgiving head of the family. That is how I take it.

Mr. Speaker: In the interest of seasoned parliamentary debate it is always better to avoid the mention of the name of the Speaker in the debate. That is an accepted principle in Parliamentary debates and I can quote thousands of rulings to that effect. To cast reflection on the Speaker is not allowed on the floor of the House. But different conventions are being set up on the floor of this House. So, kindly make it a point not to drag the name of the Speaker and say how he will react when a debate takes place. That kind of observation on the part of Shri Raghava Menon was not at all proper.

2/683/S

LIBRARY ARCHIVES Kerala Legislative Assembly

12 noon]

Shri R. Raghava Menon : But one thing, we are making many precedents in this State. I agree that the hon Speaker's name should not be mentioned during discussions, butin this case, I think I must mention his name (laughter). I will say, his position is that of a benevolent manager who will tolerate. The greater the indulgence given to us, the more p r e c i o u s l y we will guard it and not abuse it. And in an Assembly like this, I do not find much of decency (laughter). We abuse each other plentifully. Is that done in any other Assembly? We never call a colleague here as hon. Member so and so', we call each other by name which is against parliamentary etiquette. Sometimes we call even 'Angannu' (അങ്ങനെ). All these things are not allowed, according to me, in other legislatures. There are many things occurring here which ought not to have occurred.

Now, coming to the subject, these tenants who are given the land, they must not be allowed to alienate their lands by lease. They must cultivate it or if they cannot cultivate it, they must surrender the land to the landlord, because it is at the negation of great fundamental right of the landlord that we have given them—tenants—fixity of tenure; we have allowed them to hold up to ceiling area, i. e., to retain that much whatever be the financial position of the landlord. Such great favour has been done to the tenants and so, they must not be allowed to lease the land for any reason whatsoever. They must cultivate it. If they cannot do it, they must be made to part with it in favour of the landlord. And it is not uncommon to put a restriction on leasing and other avoidable things. I can understand, if the tenant's family has nobody to cultivate, let it go to the landlord; or atleast make a provision that in cases where the tenant's family is not able to cultivate for want of able and alert members, the land may be surrendered to the landlord. To give the tenants power to alienate including lease, is not good; it is not good from the standpoint of the intention of this legislature in enacting this measure. The man who is in possession must cultivate. And, may I put a question, why these jenmies are so badly treated by this legislation? Because they are out of possession; they have leased their lands. That is the only crime that the jenmies have done, Instead of cultivating the lands which they would have easily done, because the landlords in olden days were very powerful and resourceful people, they leased the property so that these tenants may have the wherewithal to live But, now what is the landlord's right? His right is being given to the tenant, because it is the tenant who is cultivating. That is the main reason that is put forth in support of this Act. So, let us not allow these tenants who have been given this right of possession, after denying the rights of persons who are also entitled to have it, to lease their lands. Let us restrict their right of lease. If we do not do that, when questions of granting remission comes, it will create complications. Suppose A leases his land to B and B leases it to C, when there is a petition for remission of rent, C may not get the full benefit of the remission, as from what he gets, he will have

LIBRARY ARCHIVES Kerala Legislative Assembly

to part some portion as between A and B. So, let us not create those complications. If he wants money for cultivation purposes, let some provision be made making it possible for him to obtain funds from some Co-operative Society.

Shri P. M. Kunhiraman Nambiar: Sir I move:

(No. 684) Number clause 31 as clause 31(1) and delete the words 'and alienable'.

Sir, clause 31 states:

> "Subject to the provisions of this Act, all rights which a tenant has in his holding, shall be heritable and alienable.

സർ, ഇതിൽ "and alienable" എന്നതു ഡിലീറ്റ് ചെയ്യണമെന്നാണ് എന്റെ ഭേദഗതി. ഇന്ന് നാം നിയമമുണ്ടാക്കുന്നതു കൃഷിയുമായി ബന്ധപ്പെട്ടു കഴിയുന്നവർക്ക് അവരുടെ കയ്യിലുള്ള സ്വത്തിന്മേൽ അവകാശമുണ്ടാക്കാനാണ്. പരമ്പരാഗതമായി അവർക്ക് അവകാശമുണ്ടാക്കുന്നതിനാണ് ഞാൻ യോജിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നു. എന്നാൽ കൈവശമുള്ള സ്ഥലം വിൽക്കുവാൻ അധികാരം കൊടുത്താൽ കുടുംബമായി ജീവിക്കുന്ന സാധുക്കളായ ആളുകൾ ആ അധികാരം ദുരുപയോഗപ്പെടുത്തും. അങ്ങനെ ജീവിക്കാൻ വേണ്ടി കൊടുക്കുന്നതു വിറ്റ് കാശാക്കുവാനുള്ള വാസനയാണു കാണുക. അതുകൊണ്ട് അലീനമായിരിക്ക് ചെയ്യുവാനുള്ള അധികാരം കൊടുക്കുന്ന ഈ ഭാഗം എടുത്തുകളയേണ്ടതാണ്.

Shri T. A. Thomman: Sir, it is with the very same object that I have .....

Smt. K. R. Gouri: The proposed new clauses regarding prohibition of leases may also be allowed to be moved. If it is not done now, if the other amedments are voted out they will not be in a position to move these amendments.

Shri T. A. Thomman: Sir, I may be allowed to move my amendment No. 686 also; because that is partly covered by amendment No. 683 of Shri Raghava Menon, if that is voted out, I am afraid there will be no opportunity to put No. 686. So, I request that my amendment and Shri Viswanathan's amendment to add new clauses may be considered along with the other amendments to Clause 31, because both of them deal with prohibition of leases.

Mr. Speaker: I may say that these new clauses will not be out of order even if those amendments are voted out. When these are dealt with, of-course your two amendments become admissible or inadmissible according to the decisions on the amendments put to the House. This position will not be changed, even if your amendments are allowed to be moved first. Any way, you can move them.

Shri K. K. Viswanathan: If the clause is put to vote after these amendments then it might be difficult for us to move our amendments.

Mr. Speaker: You may now move your amendments.

Shri T. A. Thomman: Sir, I move.

LIBRARY ARCHIVES Kerala Legislative Assembly

[Shri T. A Thomman]

(No. 686) Add as clause 31. A—

"31. A *Prohibition of leases*:—After the commencement of this Act no tenancy shall be created in respect of any land nor shall any land be leased for any period whatsoever:

Provided that any landowner who—

(i) is a minor or a widow or an unmarried woman; or
(ii) is permanently incapable of cultivating land by reason of any physical or mental infirmity; or
(iii) is a serving member of the armed forces,

may create a tenancy or lease the land owned by him or her."

Sir, this is partly covered by the amendment of Mr. Raghava Menon, (No. 683) where he has suggested the addition of the following proviso at the end of Clause 31:

"Provided that a cultivating tenant shall not be entitled after the commencement of this Act to transfer such holding or any portion thereof by way of lease and every such transfer by way of lease shall be null and void."

So, he also wants to incorporate a proviso by which leases could be prohibited in future.

Sir, the object of this land legislation—I mean one of its most important objects—is the elimination of intermediaries. The Planning Commission has stressed that in formulating the land policy, the following are the main considerations:

(1) abolition of intermediaries;
(2) fixation of fair rent;
(3) permanency of tenure; and
(4) ceiling on existing and future holdings.

Abolition of intermediaries is one of the most important objects of land legislation here. It is with that object of abolishing intermediaries that we have passed certain enactments—The Edavagai Act was passed first; then the Jenmikaram Abolition Bill has been passed by this Legislature; now two other legislations, the Sreepadam Lands Enfranchisement Bill and the Sreepandaravaka Lands Enfranchisement Bill, are before the Legislature. So, our object is to see that the intermediaries do not at all come in, in future. If we are going to allow leases in future, we will be creating and continuing the system of intermediaries. Our object is to see that the lands are in possession of persons who really cultivate them and it is our wish, Sir, that they do not lease it to others or transfer their interest to others. For increase of production, such a provision is necessary. Unless and until the statute intervenes and prohibits leases, we know from practical experience that at the very movement some of these tenants get fixity of tenure or other rights in the property, they will be letting their property, i. e., they will be creating all sorts of intermediaries also in future. That has to be avoided. In extreme cases, it may be necessary that the property has to be leased. Those cases are provided in my amendment:

LIBRARY ARCHIVES Kerala Legislative Assembly

"Provided that any landowner who—

(i) is a minor or a widow or an unmarried woman; or

(ii) is permanently incapable of cultivating land by reason of any physical or mental infirmity; or

(iii) is a serving member of the Armed Forces, may create a tenancy or lease the land owned by him or her"

Sir, In the legislations of other States also, we find similar provisions and I think the Planning Commission stresses the fact that there should be such a provision. It is with that object that I have moved this amendment, and I wish that the Minister would accept this amendment.

Shri K. K. Viswanathan: Sir, I move:

(No. 687) Add a new clause 32 after clause 31 as follows:

"32 (1) Notwithstanding anything contained in any law for the time being in force, no tenancy shall be created in respect of any land nor shall any land be leased for any period whatsover after the commencement of this Act except by a person serving in the Armed Forces, or a minor or a person subject to mental or physical disability.

(2) Every tenancy or lease granted by a serving member of the Armed Forces or a minor or a person subject to mental or physical disability shall be in writing and registered.

(3) A tenancy or lease under sub-section (2) shall be created only in favour of co-operative societies or persons approved by the Panchayat of the area or in case there is no such Panchayat, by the Collector of the District.

Explanation.—For the purpose of this sub-section, Panchayat includes Municipality or Corporation.

(4) A person who desires to create a tenancy or lease in respect of his land under sub-section (2) shall obtain previous permission of the Panchayat or the Collector as the case may be.

(5) Any tenancy or lease created contrary to the provisions of this Section shall be null and void."

സർ, 31-മത്തെ ക്ലാസ് ഡിലീറ്റ് ചെയ്യണമെന്ന് ഒരു ഭേദഗതി ഞാൻ അയച്ചിട്ടുണ്ടായിരുന്നു. പക്ഷെ അതു് അവതരിപ്പിച്ചില്ല. അതു ഡിലീറ്റ് ചെയ്താലും വലിയ ദോഷമൊന്നും വരാനില്ല. കാരണം, ടെനൻറിനു് ഫിക്സിറ്റി കൊടുത്തു കഴിഞ്ഞതിനശേഷം അതു റൈറ്റ് ഹെരിറ്റബിൾ ആകും, ഇവിടത്തെ പേഴ്സനൽ ലാ അനുസരിച്ചു് അതു ഹെരിറ്റബിൾ ആകും. എലിയനബിൾ എന്ന വാക്കു് ഇവിടെ ഉപയോഗിക്കുകയാണെങ്കിൽ മേലാൽ പാട്ടത്തിനു കൊടുക്കാൻ ഭൂവുടമയ്ക്കു് അവകാശമുണ്ടായിരിക്കുന്നതാണു്. അതു പാടില്ലെന്നു വിചാരിച്ചാണു് ആ വകുപ്പു് എടുത്തുകളയണമെന്നുള്ള ഭേദഗതി അവതരിപ്പിക്കുന്നതു്. അങ്ങനെ എടുത്തു കളയുകയാണെങ്കിൽ, ലീസിനോ സബ്-ലീസിനോ അല്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

[Shri K. K. Viswanathan]

എല്ലാ എലിയനബിലും റൈറ്റും സ്വാഭാവികമായിട്ട് മുൻനിയമംകൊണ്ടു കിട്ടുന്നുണ്ട്. ഇതു പ്രത്യേകം എഴുതിവയ്ക്കേണ്ട കാര്യമില്ല. ലീസും സബ്‌ലീസും പാടില്ല എന്നുള്ള തത്വം മേലാൽ സ്വീകരിക്കുകയാണെങ്കിൽ, ഞാൻ അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കണമെന്നും എനിക്ക് അപേക്ഷയുണ്ട്. ചില പ്രത്യേക കേസുകളിൽ, അതായതു്, ആംഡ് ഫോഴ്സസിൽ ഉള്ള ആളുകൾ മൈനറുകൾ, മെൻറലായിട്ടും, ഫിസിക്കലായിട്ടും, ജോലിചെയ്യാൻ കഴിവില്ലാത്തവർ എന്നിവർക്കുമാത്രമാണു് മേലാൽ പാട്ടത്തിനു വസ്തു കൊടുക്കാൻ അവകാശമുള്ളതു് എന്നു് എന്റെ ഭേദഗതിയിൽ പറയുന്നു. അങ്ങനെ പാട്ടത്തിനു കൊടുക്കണമെങ്കിൽ രജിസ്റ്റർ ചെയ്യണമെന്നും എന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്.

അങ്ങനെ പാട്ടത്തിനു കൊടുക്കുന്നതും അതായതു സ്ഥലത്തെ പഞ്ചായത്തോ, പഞ്ചായത്തില്ലാത്തസ്ഥലങ്ങളിൽ കളക്ടരോ നിശ്ചയിക്കുന്ന കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കോ വ്യക്തികൾക്കോ ആയിരിക്കണം; അങ്ങനെയല്ലാത്തതു നാം ആൻഡ്‌വായിഡ് എന്നും ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്. ടെനൻസി ആർ ലീസ് എന്നു ചേർക്കാതെ ലീസ് മാത്രം പെടുത്തിയാൽ മേലാൽ വാരത്തിനു കൊടുക്കാൻ കഴിയും. വാരം ലീസ് അല്ല. അതുകൊണ്ടാണു് ടെനൻസി ആർ ലീസ് എന്നു ചേർത്തിട്ടുള്ളതു്. മേലാൽ പാട്ടത്തിനു കൊടുക്കരുതെന്നുള്ള വ്യവസ്ഥ സ്വീകരിക്കണം എന്നു പറയുന്നതു് ഈ ബില്ലിന്റെ മൊത്തത്തിലുള്ള സ്കീമിനു യോജിച്ചതാണു്. ഈ ബില്ലിന്റെ സ്കീമനുസരിച്ചു് ഇപ്പോൾ നിലവിലുള്ള എല്ലാ കുടിയാന്മാർക്കും ഭൂ ഉടമകൾ ആകാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണു്. അങ്ങനെ ഉടമ ആകാനുള്ള സൗകര്യം കൊടുക്കുന്നതു് ആ ഭൂമിയെ സംബന്ധിച്ചിടത്തോളം രണ്ടുകൂട്ടർക്കു് അവകാശംവന്നു് രണ്ടു കൂട്ടരും അതിന്റെ ആദായം വിഭജിക്കരുതെന്നു കരുതിയാണു്. ഉല്പാദനം വർദ്ധിക്കണമെന്നു് ആഗ്രഹിക്കുന്നവർ ഭൂമിയിലുള്ള ആദായം വിഭജിച്ചുപോകാൻ അനുവദിക്കുകയില്ല. ആ നാടയിൽ ഉടമാവകാശവും കൈവശാവകാശവും ഒരാളിൽ ആണെങ്കിൽ മാത്രമേ ഉല്പാദനവർദ്ധനവു് ഉണ്ടാകുകയുള്ളു എന്നുള്ള അടിസ്ഥാനത്തിലാണു് ഇപ്പോഴത്തെ കുടിയാന്മാരെയെല്ലാം ഉടമകളാക്കിത്തീർക്കണമെന്നു പറയുന്നതു്. സ്ഥിരാവകാശം കൊടുക്കുകയും മര്യാദപ്പാട്ടം നിശ്ചയിക്കുകയും ചെയ്താൽ കുടിയാന്മാരുടെ കൈയിലുള്ള ഭൂമി വിട്ടുപോകുകയില്ല. എന്നാൽ ഉടമാവകാശം കൊടുത്താലേ കൂടുതൽ ഉല്പാദനവർദ്ധനവിനുള്ള പ്രേരണ ഉണ്ടാകുകയുള്ളു. അതിൽ തർക്കമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. 1123-ൽ തന്നെ തിരുവിതാംകൂറിലെ കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ മാനിഫെസ്റ്റോവിൽ മേലാൽ പാട്ടത്തിനു കൊടുക്കുന്ന വ്യവസ്ഥ ഇല്ലായ്മ ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ വളരെക്കൊല്ലങ്ങൾക്കു മുമ്പു് അവർ പറഞ്ഞിട്ടുള്ള ആ അഭിപ്രായം ഇന്നു സ്വീകരിക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. എന്റെ ഭേദഗതി സ്വീകരിച്ചാൽ മാത്രമേ കമ്മ്യൂണിസ്റ്റ് പാർട്ടി വളരെ കാലം മുമ്പു് പറഞ്ഞ അഭിപ്രായം നടപ്പിലാകുകയുള്ളു. ലീസും സബ്‌ലീസും പാടില്ലെന്നു് ഇൻഡ്യയിലെ പല സ്റ്റേറ്റുകളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്, അതെല്ലാം ഈ അടിസ്ഥാനത്തിലാണു്. അങ്ങനെ ചെയ്യുമ്പോൾ ചില എക്സപ്ഷൻസ് ആവശ്യമായിട്ടു വരും. അതിനാണു് എന്റെ ഭേദഗതിയിൽ ചില തരക്കാരെ ഉൾപ്പെടുത്തിയിട്ടുള്ളതു്. അല്ലാതെ കളക്ടരുടെ അനുവാദത്തോടുകൂടി വ്യക്തികൾക്കോ സഹകരണസംഘങ്ങൾക്കോ കൊടുക്കണമെന്നു പറയാൻ കാരണം, ഏതെങ്കിലും വ്യക്തികളുടെ കയ്യിലേയ്ക്കു ലീസ് പോകുകയാണെങ്കിൽ അവർ കൃഷിക്കാരായിരിക്കണമെന്നുള്ളതുകൊണ്ടാണു്. കൃഷിചെയ്യാൻ കഴിവില്ലാത്തവരുടെ കയ്യിലേയ്ക്കു ഭൂമി പോകാൻ ഇടയാക്കരുതു്. അങ്ങനെ പോകുകയാണെങ്കിൽ ഭൂമിയിലുള്ള ഉല്പാദനം കുറയും. ഈ ബില്ലിൽ ഇൻഡസ്ട്രിയൽ ലീസും കമ്മഴ്സ്യൽ ലീസും ഒഴിവാക്കിയിരിക്കുകയാണു്. ആഗ്രിക്കൾച്ചറൽ ലീസ് കൃഷിയെ സംബന്ധിക്കുന്നതാണു്. ആഗ്രിക്കൾച്ചറൽ ലീസ് വാങ്ങുന്നവർ കൃഷിയിൽ താല്പര്യമുള്ളവരല്ലെങ്കിൽ ആ ഭൂമിയിൽനിന്നും ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കയില്ല. അതിന്റെ അടിസ്ഥാനത്തിലാണു് എക്സപ്ഷണൽ കേസിലാണെങ്കിൽപോലും ലീസ് വാങ്ങുന്ന ആളും ഒരു കൃഷിക്കാരൻതന്നെ ആയിരിക്കണമെന്നുള്ള ഉദ്ദേശത്തിൽ കളക്ടറുടേയോ പഞ്ചായത്തിന്റേയോ മുൻകൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള അനുവാദത്തോടുകൂടി മാത്രമേ കൊടുക്കാൻ പാടുള്ളുവെന്ന ഭേദഗതി യിൽ പറഞ്ഞിട്ടുള്ളതു്. കൃഷിഭൂമി കൃഷിക്കാരനായിരിക്കണമെന്നുള്ള തത്വം മിക്കവാറും എല്ലാ കക്ഷികളും സ്വീകരിച്ചിട്ടുള്ളതാണു്. അങ്ങനെ കൃഷി ക്കാരനു ഭൂമി കൊടുക്കണമെന്നു് ആഗ്രഹമുണ്ടെങ്കിൽ അതിന്റെ ഉടമാവകാശം കൊടുത്താൽ മാത്രമേ അവനു പൂർണ്ണമായി അതു് ഉപയോഗിക്കാൻ സാധി ക്കുകയുള്ളു. ആ നിലയിൽ ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അപേ ക്ഷിക്കുകയാണു്. ഇതിനു മുമ്പു പല വാദങ്ങളും ഇതിനെ സംബന്ധിച്ചു് ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ടു്. പക്ഷേ ആ ഭാഗത്തുള്ള ആളുകൾ അല്ലെ ങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അതിനോടു യോജിച്ചുകാണാത്തതുകൊണ്ടു മാത്ര മാണു് വീണ്ടും പറയുന്നതു്. ലീസും സബ്‌ലീസും പ്രൊഹിബിറ ചെയ്യു ന്നതുകൊണ്ടു് ആർക്കും ഒരു ദോഷവും വരാൻ പോകുന്നില്ലെന്നു മാത്രമല്ല ഉല്പാ ദനവർദ്ധനവിനു സഹായകമാവുകയും ചെയ്യും. ഉല്പാദനവർദ്ധനവിനു് സഹായിക്കുന്നതോടൊപ്പം മറ്റൊരു സാമൂഹ്യപ്രശ്നംകൂടി ഇതിനകത്തുണ്ടു്. ഈ രാജ്യത്തെ ജന്മി സമ്പ്രദായം അവസാനിപ്പിക്കണമെന്നുണ്ടെങ്കിൽ മേലാൽ ജന്മിയും കുടിയാനും എന്ന രണ്ടു വാർഗ്ഗങ്ങൾ ഇവിടെ ഉണ്ടാകാതിരിക്കണം. അങ്ങനെ രണ്ടുതരത്തിൽ ജന്മിയും കുടിയാനും വരികയാണെങ്കിൽ ഒരു പരിധി വരെയെങ്കിലും യജമാനഭൃത്യഭാവം ഉണ്ടാകാതിരിക്കാൻ തരമില്ല. അങ്ങനെ യുള്ള ഒരു തരക്കേടില്ലാതാക്കാൻകൂടി ഉദ്ദേശിച്ചാണു് രണ്ടും ഒരാളിൽത്തന്നെ ലയിച്ചു് കൃഷിക്കാരൻതന്നെ ഉടമയായിത്തീരണമെന്നു പറയുന്നതു്. ഒരു ആഫീസുദ്യോഗത്തിനു പോകുമ്പോൾ ആരെയെങ്കിലും ഭൂമി ഏല്പിച്ചിട്ടുപോകാൻ സൗകര്യമില്ലല്ലോ എന്നു ചിലർ വാദിക്കും. കൃഷിഭൂമി കൃഷിക്കാരനെന്ന തത്വം സ്വീകരിച്ചാൽ ഉദ്യോഗസ്ഥൻ കൃഷിക്കാരനല്ല. ഉദ്യോഗസ്ഥനു കൃഷി ചെയ്യാൻ സാദ്ധ്യമല്ലെങ്കിൽ മറ്റൊരാളിനെ ഏല്പിച്ചു് കൃഷി ചെയ്യുക എന്നു മുള്ളതു് സ്വീകരിക്കാൻ നിവൃത്തിയില്ല. ഉദ്യോഗത്തിനുവേണ്ടി വേറെ എവി ടെയെങ്കിലും പോകുന്നെങ്കിൽ കൃഷിചെയ്യാൻ ആഗ്രഹമില്ല എന്നതന്നെ മന സ്സിലാക്കണം. ആ അടിസ്ഥാനത്തിലും ആരുടെ കയ്യിലെങ്കിലും ഏല്പിച്ചു് കൃഷിചെയ്യണമെന്നു പറഞ്ഞാൽ ആ മനുഷ്യൻ കൃഷിക്കാരനല്ല. അതുകൊണ്ടു് അങ്ങനെയൊരു സൗകര്യം കൊടുക്കണമെന്നു പറയുന്നതു് ശരിയല്ല. കൃഷി ക്കാരന്റെ കയ്യിൽ കൃഷിഭൂമിയിരിക്കണമെങ്കിൽ ലീസു് പ്രൊഹിബിറ ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. പ്രത്യേകിച്ചും ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടി വളരെ കൊല്ലം മുമ്പുതന്നെ ആ തത്വം സ്വീകരിച്ചിട്ടുള്ളതുകൊണ്ടു് അതിനു് എതിരായി അവർ പോകുകയില്ലെന്നു ഞാൻ വിശ്വസിക്കുകയാണു്. എന്റെ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Shri M. Umesh Rao: I wish to say a few words supporting the amendment just brought before the House. We find, Sir, that the underlying principle that has made us think of the various provisions in this Bill, is that the land should be with the tiller of the soil. We have already decided that on various occasions. The cultivating tenant, has been given certain rights already and he is going to be made the owner, the peasant proprietor. The landlord, because he is not in possession of the land is practically, debarred from getting possession of the land. So the criterion as to whether a person who owns land should be enabled to get possession of the land, is based on the fact whether he is cultivating it or not. A landlord who is himself in possession of the land is allowed to possess up to the ceiling area on the basis that he is cultivating it. We find that, the definition for "cultivate" is sufficiently broad. It makes so many things possible. What I submit is that in view of having gone so far, having accepted the principle, having decided to practically create a revolution rightly or wrongly depriving certain people of their properties, let us see that sometime later, some years hence, some other Assembly that

LIBRARY ARCHIVES Kerala Legislative Assembly

[Shri M. Umesh Rao]

comes after us, is not again put to the necessity of another Agrarian Relations Bill. Having accepted the basic principle except in exceptional cases leasing out should be avoided, we have accepted the principle of land to the lesser on the ground that only by the proprietor land is cultivated. There can be scope for improvement, that the person who is in possession of land will have the proper impetus to improve it and that food production can be increased.

Let us not perpetuate what we have decided to be wrong and create complications for the comming generations. Rightly or wrongly we have dicided to penalise the landlords who leased out their properties. So I submit that future leases must be prohibited in all cases whether it is by the landlord who has 15 acres of land or by the tenant, who purchases the land he is in occupation of. Well, let him cultivate. The word cultivate is broadly defined and let us not repeat the mistake that our forefathers committed when they never suspected that they would be penalised. We have decided to punish them very badly. Of course it may be right or wrong. Let us not give room for further complications. So I emphatically support the amendment that is just put forward before this House.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: സർ, ഞാൻ ഈ ഭേഗതിയെ അനുകൂലിക്കുന്നു. ശ്രീ. ആർ. രാഘവമേനോന്റെ 683-ാംനമ്പർ ഭേഗതി ഇവിടെ കൊണ്ടുവരുവാൻ ഇടയാക്കിയതുതന്നെ നിർഭാഗ്യകരമായിപ്പോയി. ആദ്യത്തെ ബില്ലിൽ 32-ാംവകുപ്പിലെ പ്രൊവൈസോ ആയിട്ടു കൊടുത്തിരുന്നതു് ഇങ്ങനെയാണു്:

"Provided that a cultivating tenant shall not be entitled after the commencement of this Act to transfer such holding or any part thereof by way of lease and every such transfer by way of lease shall be null and void".

ഇതു് ആദ്യത്തെ ബില്ലിൽ ഉണ്ടായിരുന്നതാണു്. ഇപ്പോൾ ഗവണ്മെന്റു് ബില്ലുകൊണ്ടുവന്ന സമയത്തു് ടെനൻറ്സിനെ സംബന്ധിച്ചിടത്തോളം സബ് ലീസ് പാടില്ല എന്നുള്ള ഒരു നില അംഗീകരിച്ചുകൊണ്ടാണു് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഈ നാട്ടിലെ ഭൂനയ ബില്ലിൽ ഏറ്റവും അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണു് ഭാവിയിൽ ടെനൻറ്സ് പാടില്ലാ എന്നുള്ളതു്. ഇതുവരെ ഇവിടെയുണ്ടായിരുന്ന വിഷമങ്ങളും, സംഘർഷാവസ്ഥകളും, സംഘട്ടനങ്ങളും എല്ലാം ഇപ്രകാരമുള്ള ടെനൻസി ഏർപ്പാടു നിമിത്തം ഭൂ ഉടമസ്ഥന്മാർ പല തരത്തിൽ പാവങ്ങളായ കുടിയാന്മാരെ ഉപദ്രവിച്ചും, കൊള്ളനടത്തിയും കഴിഞ്ഞുപോയതുകൊണ്ടാണു്. അതുകൊണ്ടു മേലാൽ വസ്തുക്കൾ പാട്ടത്തിനോ, മറ്റു തരത്തിലോ കൊടുക്കാൻ പാടില്ല എന്ന ഒരു വ്യവസ്ഥ നാം അംഗീകരിക്കേണ്ടതാണു്. അങ്ങനെ കൊടുക്കുന്നപക്ഷം നാം അതു് അംഗീകരിക്കുന്നില്ലെന്നു് പറയേണ്ടതു് ആവശ്യമായ ഒരു കാര്യമാണു്. മൈനേഴ്സ്, അൺമാരീഡ് വിമൻ, മുതലായവർക്കു് കൃഷി ചെയ്യാൻസാദ്ധ്യമല്ലാത്തതുകൊണ്ടു്, കൃഷിചെയ്യാൻ ആഗ്രഹമുണ്ടെങ്കിൽ പ്രായോഗികമായ വിഷമതകളും ഉള്ളതുകൊണ്ടു്, അവരെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു അവകാശം ഉണ്ടാക്കിവയ്ക്കുന്നതു് കൊള്ളാം. ശ്രീ കെ. കെ. വിശ്വനാഥന്റെ ഭേഗതിയിൽ (2) ഉപവകുപ്പായി ചേർത്തിരിക്കുന്നതിലെ അവസാനഭാഗം പ്രത്യേകം ശ്രദ്ധേയമാണു്. ഇനിയും നിർബന്ധമായും ടെനൻസി ഉണ്ടാക്കുന്നുണ്ടെങ്കിൽ അതു് രജിസ്റ്റേഡായിരിക്കണം. എഴുതിയ രേഖയുണ്ടായിരിക്കണം. മേലാൽ അങ്ങനെയുള്ള ഒരു റിസ്ട്രിക്ഷൻ ഉണ്ടാകുമെങ്കിൽ ഇന്നുകാണുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. മാലേത്തു ഗോപിനാഥപിള്ള]

വിവിധ നിലയിലുള്ള കുഴപ്പങ്ങൾക്ക് ശമനമുണ്ടാകുന്നതാണ്. അതുകൊണ്ട് ഭാവിയിൽ ഒരു പൊതുതത്വം എന്ന നിലയിൽ റിട്ടൺ രജിസ്റ്റഡ് ഡാക്യുമെന്റ്സ് മുഖാന്തിരമുള്ള ടെനൻസി ഏർപ്പാടുകളും അല്ലാത്തവയെ അംഗീകരിക്കരുതെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീമതി കുസുമം ജോസഫ്: സർ, കൃഷിഭൂമി കർഷകനെന്നുള്ള അടിസ്ഥാനം സ്വീകരിച്ചിട്ടുള്ള ഒരു പാർട്ടിയാണ് അങ്ങേവശത്തിരിക്കുന്നത്. അവർ ഈ ബില്ലിൽ കൊണ്ടുവന്നപ്പോഴും ഈ തത്വം അംഗീകരിച്ചിട്ടുണ്ടായിരുന്നു. ആ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഒറിജിനൽ ബിൽ കൊണ്ടുവന്നിട്ടുള്ളത്. പക്ഷേ, ഇപ്പോൾ ആ ആശയം ഉപേക്ഷിച്ചിട്ട് ഇനിയും ടെനൻസിനെ സൃഷ്ടിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തിരിക്കുകയാണ്. അതു നിശ്ചയമായും സ്വാഗതാർഹമല്ല. ഈ ടെനൻസി സമ്പ്രദായം ഇനിയെങ്കിലും അവസാനിപ്പിക്കുവാനുള്ള ഒരു ദൃഢനിശ്ചയത്തോടുകൂടി നാം മുന്നോട്ടു പോകേണ്ടതാണ്. എന്നാലും വളരെ അത്യാവശ്യമുള്ള കേസ്സുകളിൽ ഈ ടെനൻസി സമ്പ്രദായം തുടരുന്നതിനു വിരോധമില്ല. അതുകൊണ്ട് ശ്രീ ടി. എ. തൊമ്മൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ് അതിൽ പറയുന്നുണ്ട്, ഒരു വിഡോ, അല്ലെങ്കിൽ അൺമാരേയ്ഡ് വിമൺ, അല്ലെങ്കിൽ ഏതെങ്കിലും മാനസികമോ, ശാരീരികമോ ആയ സുഖക്കേടുള്ള വർക്ക്.....

ശ്രീമതി ഗൗരി: അപ്പോൾ വിഡോയേയും, അൺമാരേയ്ഡ് വിമണേയും എല്ലാം ശാരീരികസുഖമില്ലാത്ത ആളുകളുടെ കൂട്ടത്തിൽ അംഗീകരിച്ചിരിക്കുകയാണോ?

ശ്രീമതി കുസുമം ജോസഫ്: അല്ല. അതിനെപ്പറ്റി ഞാൻ പിന്നീടു പറയാം.

അങ്ങനെ സുഖക്കേടുകൊണ്ടോ മറ്റോ സ്വന്തനിലയിൽ കൃഷിചെയ്യാൻ സാധിക്കാതെ വരുന്നവർക്കും ഇതു് അനുവദിച്ചുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മന്ത്രി അൺമാരേയ്ഡ് വിമണേയും മറ്റും സുഖക്കേടുകാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താമോ എന്നു ചോദിക്കുകയുണ്ടായി. ഉൾപ്പെടുത്താതിരിക്കാൻവേണ്ടിയാണ് അവരുടെ കാര്യം വേറെ എഴുതിയതു്. അൺമാരേയ്ഡ് വിമൺ കൃഷിചെയ്യണമെന്നു പറഞ്ഞാൽ, വിശേഷിച്ചും മുസ്ലിം സമുദായത്തിലെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരിക്കും. അതുപോലെതന്നെയാണ് വിഡോസിന്റെ കാര്യവും. ന്യൂനപക്ഷസമ്പ്രദായം സ്വീകരിച്ചുപോരുന്ന വിധവകൾക്കു സ്വന്തനിലയിൽ കൃഷിചെയ്യാൻ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ടാണ് അവർക്കും ലീസ്സ് കൊടുക്കുവാനുള്ള അനുവാദം നൽകണമെന്നു പറയുന്നതു്. ഏതായാലും ഒരു പൊതുനയമെന്ന നിലയിൽ ഭാവിയിൽ ടെനൻസി സമ്പ്രദായം അനുവദിച്ചുകൂടാ എന്ന വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ശ്രീ. ടി. എ തൊമ്മന്റെ ഭേദഗതിയെ അനുകൂലിക്കുകയാണ്.

Shri E. P. Poulose: Here I agree with the spirit behind these amendments. The Speaker has already ruled that no oral amendments will be permitted in future. As such, I would only wish to make one or two observations on the principle underlying these amendments. I wonder whether these amendments, even if they are accepted, would create the desired effect. As a matter of fact, even if these amendments are accepted and necessary changes made in the original clause, I do not believe that leases could be avoided in future because there is no legal sanction provided, by which these amendments could be implemented. So, unless we also think of some legal sanctions by which we can implement and enforce these provisions, these

LIBRARY ARCHIVES Kerala Legislative Assembly

will only be pious provisions which may find a place in the statute. Suppose, in spite of these provisions, transactions in the nature of leases are ceated, then what will be the effect? My own view is, even if we accept this amendment, the owners of the properties will be entrusting their lands to third parties for the purpose of cultivation and they will not be entitled to protection which we are giving to the tenants. So, unless we can think of some kind of sanction to enforce these provisions this will not have the desired effect. If I can move an oral amendment with the permission of the Chair, I will suggest that leases if they are created in future will be subject to all the incidents of tenancies under this Act including purchase right by tenants. That, probably may be sufficient sanction to enforce the provisions that are sought to be introduced by these amendments.

ശ്രീ. കെ. ഹസ്സൻ ഗനി: സർ, ഈ ഭേദഗതിയെ പിൻതാങ്ങിക്കൊണ്ട് രണ്ടുവാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൃഷിചെയ്യുന്നവന് കൃഷിഭൂമി നൽകുകയും, ഈ സംസ്ഥാനത്തെ ജന്മിത്വം അവസാനിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ബില്ല് കൊണ്ടുള്ള പ്രധാനപ്പെട്ട തത്വം എന്നുവരികിൽ തീർച്ചയായും ഏലിയനബിലിറ്റി എന്ന തത്വം എടുത്തുകളയേണ്ടതാണ്. ഇവിടെ കുടിയാൻമാരുടെ മധ്യവർത്തികളെ സൃഷ്ടിക്കുന്നതിനു കാരണമാകുന്ന ആപത്തുകൾ വീണ്ടും ഈ സെക്ഷൻസിന്റെ ഇടയിൽത്തന്നെ വളരെ വിഷമം പിടിച്ച ഒരവസ്ഥ സൃഷ്ടിക്കുകയില്ലയോ എന്ന് ചിന്തിച്ചുനോക്കേണ്ടതുണ്ട്. ചില അവസരത്തിൽ, കൃഷിക്ക് പണമില്ലാതെവരുന്ന അവസരത്തിൽ, ശ്രീ. സി. എ മാത്യു പറഞ്ഞതുപോലെ, വല്ല കോവാപ്പറേറീവ് സൊസൈറ്റികാരോടോ മറ്റോ വസ്തുക്കൾ മോർട്ട്ഗേജ് ചെയ്യുന്നതിനുള്ള അധികാരം നൽകുകയല്ലാതെ വീണ്ടും വീണ്ടും ടെനൻസിനെ സൃഷ്ടിക്കുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാക്കിവയ്ക്കുന്നതു് നല്ലതല്ല. ശ്രീ. കെ. കെ. വിശ്വനാഥൻ പറഞ്ഞതുപോലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായത്തെയും അതു യോജിച്ചതല്ല. അതുകൊണ്ട് ഏലിയനബിലിറ്റി എന്ന ആ പദം എടുത്തുകളയുകയും, ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക ആവശ്യത്തിനുവേണ്ടിമാത്രം ഏലിയനേറ്റ് ചെയ്യുന്നതിനുള്ള അവകാശം കൊടുക്കുകയല്ലാതെ അനുവദിക്കപ്പെടരുതു് എന്നുമാണ് എനിക്ക് പറയുവാനുള്ളതു്.

ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നതു് മധ്യവർത്തികളെ ഒഴിവാക്കുക എന്നതാണെങ്കിൽ ഈ ഭേദഗതി സ്വീകരിക്കേണ്ടതാണ്.

ശ്രീ. സി. എ. മാത്യു: സ്വീകരിച്ചുപറയൂ എന്താണ് അഭിപ്രായം?

ശ്രീമതി കെ. ആർ. ഗൗരി: സ്വീകരിക്കുക എന്നുള്ള കാര്യത്തെപ്പറ്റി സ്വീകരിച്ചു പറയുമല്ലോ.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഈ ഭേദഗതിയെ സംബന്ധിച്ച് ഇവിടെ എന്റെ ബഹുമാന്യ സ്നേഹിതന്മാർ പറഞ്ഞ കാര്യങ്ങളോടു ഞാനും യോജിക്കുകയാണ്. വസ്തുക്കൾ ഏലിയനേറ്റ് ചെയ്യുന്നതിനുള്ള അധികാരം എടുത്തുകളയേണ്ടതാണ്. അങ്ങനെ ഓരോ കുടിയാനും വസ്തുക്കൾ ഏലിയനേറ്റ് ചെയ്താൽ കുഴപ്പങ്ങൾ ഉണ്ടാകും. അതുപോലെ തന്നെ സ്ത്രീകളുടെ കാര്യങ്ങളും വളരെ ഒരു തലവേദന ഉണ്ടാക്കുന്നുണ്ടു്. അതു് ഏലിയനേഷനാണ്; അതുപോലെതന്നെ കോവാപ്പറേറീവ് സൊസൈറ്റികളിൽ വസ്തുക്കൾ ഏലിയനേറ്റ് ചെയ്യുവാൻ അനുവാദം കൊടുക്കേണ്ടതാണ്. ഇപ്പോൾ ആംഡ് ഫോഴ്സിനു് ഏലിയനേറ്റ് ചെയ്യുവാൻ അവകാശം കൊടുക്കുന്നുണ്ടു്. ആംഡ് ഫോഴ്സിൽ ഇരിക്കുന്നവർക്ക് ഏലിയനേറ്റ് ചെയ്യാമെങ്കിൽ എന്തുകൊണ്ട് ആ അവകാശം ഇവിടത്തെ സർക്കാർ ഉദ്യോഗസ്ഥന്മാർക്കും ചെയ്തുകൂടാ എന്നു ഞാൻ ചോദിക്കുന്നു. ഒരു സർക്കാർ ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം 50 സെന്റോ, ഒരു ഏക്കറോ, ഒന്നര ഏക്കറോ സ്ഥലമുണ്ടായിരിക്കും; ഇന്നവക്ക് ഒന്നും ഏലിയനേറേഷൻ ചെയ്യാൻ സാധിക്കുകയില്ല. അവരും മറ്റുള്ള വരെപ്പോലെ സമുദായത്തിനുവേണ്ടിയും, രാജ്യത്തിനുവേണ്ടിയും ജോലിചെയ്യുന്നവരാണു്. അതുകൊണ്ടു് ഭാഗം വയ്ക്കുക, കോമ്പാക്ടിറേറിവു് സൊസൈറ്റികൾക്കു് ഇടകൊടുക്കുക, അല്ലെങ്കിൽ ഫാമിംഗ് സൊസൈറ്റീസ് ഏർപ്പെടുത്തുന്ന കാർഷികപദ്ധതിയിൽ ചേരുന്നതിനും, ഒന്നിച്ചു് അദ്ധ്വാനിക്കുന്നതിനും ഒക്കെ വേണ്ടി കൊടുക്കുക; ഇവയ്ക്കുംപുറമെ സർക്കാർ ഉദ്യോഗസ്ഥന്മാരെയും വസ്തുക്കളും ഏലിയനേറേഷൻ ചെയ്യുവാൻ അനുവദിക്കേണ്ടതാണു്.

അതിൽ വിരോധം വരാതെയിരിക്കുന്നതിനുവേണ്ടിയാണു് മി. കുഞ്ഞുരാമൻ നമ്പ്യാർ ഇതുകൊണ്ടുവന്നതു്. അല്ലാതെ മൈനറുടെ പേരിൽ അങ്ങനെ ഹോൾഡിംഗ് വരുമെന്നു എനിക്കു് തോന്നുന്നില്ല. മൈനർക്കു് ഒരു രക്ഷകർത്താവു് ഇല്ലാതെയിരിക്കുകയില്ല. രക്ഷകർത്താവില്ലെങ്കിൽ കോടതിയിൽ വച്ചുകൊള്ളും. അപ്പോൾ മൈനർക്കു് പാട്ടത്തിനു കൊടുക്കാം എന്നുപറയുന്നതു ശരിയല്ല. അതുകൊണ്ടു് ഈ പറഞ്ഞ കാര്യങ്ങളിൽമാത്രം ഏലിനിയേറേഷൻ ചെയ്യാൻ അവകാശമുണ്ടായിരിക്കണം. അതുപോലെ മൈനർ സ് അങ്ങനെ സബ്ലീസു ചെയ്യുന്നതിനുള്ള അവകാശം കൊടുക്കാതിരിക്കുകയും വേണം.

ശ്രീ. കെ. എം. ജാർജ്ജു്: ഞാൻ ശ്രീമാൻ തൊമ്മൻ അവതരിപ്പിച്ചതും, ശ്രീമാൻ പത്രോസ് അവതരിപ്പിച്ചതുമായ ഭേദഗതികളുടെ ആശയത്തോടു യോജിക്കുകയാണു്. ഈ നിയമനിർമ്മാണത്തിന്റെ പൊതുവിലുള്ള ചൈതന്യം എന്താണെന്നു മറന്നുകൊണ്ടാണു് ഇന്നു് ഇവിടെ ഭേദഗതികൾ ചർച്ചചെയ്യുകയും പാസ്സാക്കുകയും ചെയ്യുകൊണ്ടിരിക്കുന്നതു്. ആ ഒരു പരമാർത്ഥം ഈ ഭാഗത്തുനിന്നും പലപ്പോഴും പ്രകടമാക്കപ്പെട്ടിട്ടുണ്ടു്. ഇപ്പോഴും പ്രകടമാക്കപ്പെട്ടുകൊണ്ടുള്ള മനോഭാവത്തിലാണു് ഈ 31–ാംക്ലാസ്സിനെ സംബന്ധിച്ചുള്ള ഭേദഗതികളും അവതരിപ്പിച്ചിട്ടുള്ളതു്. എന്നാൽ അതു അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി ആ ഭാഗത്തുനിന്നും പരിഗണിക്കുന്നില്ല എന്നുള്ളതു ഖേദകരമാണു്. അതെന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ഈ ഭൂനിയമനിർമ്മാണത്തിന്റെ അടിസ്ഥാനപരമായ തത്വം നാമുത്തിയുള്ളിടത്തോളം കുടിയായ്മസമ്പ്രദായം ഇല്ലാതാക്കുക, ഭൂമിയിൽ കുടിയാനു് സ്ഥിരാവകാശം കൊടുക്കുക, തന്മൂലം കർഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു് സഹായകമായിത്തീരുക എന്നുള്ളതാണു്. വളരെ വിരളമായ മാത്രമേ പിന്നീടു ഈ പ്രിൻസിപ്പിൾ നടത്തേണ്ടിവരികയുള്ളു. തീർപ്പായും കുടിയായ്മസമ്പ്രദായത്തിൽ കൈമാറ്റം ചെയ്യേണ്ടതായി വരികയില്ല. സ്ഥിരമായി ഭൂമിയിൽ അവകാശം കൊടുക്കുകയുന്നതിനും ഉൽപ്പാദനത്തിനു് ബാധകമാകാതെയിരിക്കുന്നതിനും ഭൂമി കൃഷിചെയ്യുന്നതിനും ഈ ഭേദഗതി സഹീകരിക്കുന്നതായിരിക്കും നല്ലതു്. സർ, ഈ 31–ാംക്ലാസ്സു് ഇതുപോലെ നിന്നാൽ വീണ്ടും ഒരു പുതിയതരം കുടിയായ്മസമ്പ്രദായത്തെ പോറ്റി വളർത്തുകയായിരിക്കും ഫലം. കർഷകരുടെ ഭൂമി തുണ്ടുതുണ്ടായി പോകുന്നതിനും ഇതു സഹായകമായിത്തീരും. നമ്മുടെ നാട്ടിൽ രജിസ്റ്റർകച്ചേരികളും ഉണ്ടായിരിക്കുന്നിടത്തോളംകാലം അല്ലെങ്കിൽ രജിസ്റ്റർകച്ചേരികളും ഇല്ലാതാകുന്ന കാലംവരെ പലതരത്തിലുള്ള ഭൂമിയെ സംബന്ധിച്ചുള്ള ഇടപാടുകളും ഇതുമൂലം സൃഷ്ടിക്കുന്നതിനിടയാകുന്നതാണു്. തൻമൂലം ഭൂമി തുണ്ടുതുണ്ടായിപ്പോകുകയും അതിനുപരിയായ പുതിയ നടപാടുകളും കുഴപ്പങ്ങളും അഭിമുഖീകരിക്കേണ്ടിവരികയും ചെയ്യും. ശ്രീമാൻ ഉമേശ്റാവുവെപ്പോലെയുള്ള വളരെ പ്രായമുള്ള അംഗമെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ അഭിപ്രായം സഹീകരിക്കുന്നതുകൊണ്ടു് എന്നെപ്പോലുള്ള കുടിയായ്മസമ്പ്രദായം അവസാനിപ്പിക്കുവാൻ കഴിയുന്നതാണു്. എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായത്തെ അപ്പാടെ കുറപ്പെടുത്തുന്നതിനുള്ള ഒരു നിലപാടാണു് ആ ഭാഗത്തുനിന്നും കണ്ടതു്. അദ്ദേഹം പറയുന്നതു് നാം ഇങ്ങനെ കൊണ്ടുവരുന്ന നിയമം കഴിയുന്നതു ആലോചിച്ചു് പാസ്സാക്കേണ്ടതാണെന്നും, അതിൽ കഴിയുന്നതും പഴുതുകൾ ഉണ്ടായിരിക്കരുതെന്നുമാണു്. അതുനോക്കുമ്പോൾ alienation എന്നുള്ള അവകാശം നിലനിർത്തിയാൽ പലതരത്തിലും ഈ കുടിയാന്റെ അല്ലെങ്കിൽ പാട്ടക്കാരന്റെ കൈവശം അന്യ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജാർജ്ജ്]

രൽനിന്നും പോകാൻ ഇടയുണ്ട്. നാം ഇപ്പോൾ നിയമനിർമ്മാണം നടത്തി ക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനതത്വം കുടിയാനെ വസ്തു ഉടമസ്ഥനാ ക്കണം എന്നുള്ളതാണ്. അതിനു വ്യക്തമായിട്ടു ഈ നിയമത്തിൽ ഏർപ്പാട് ണ്ടായിരിക്കേണ്ടതാണ്. ആ അഭിപ്രായം പറയുമ്പോൾ നാഗപ്പൂർ പ്രമേയ ത്തിന്റെ കാര്യമൊക്കെ പറയേണ്ടതായി വരും. ഈ കുടിയാന്മാർ പലതര ത്തിലുള്ള സാഹചര്യങ്ങൾകൊണ്ട് പലതരത്തിൽ അവരുടെ കൈവശമുള്ളതു അവർക്ക് സ്വന്തമായി കിട്ടിയ ഭൂമി അന്യാധീനപ്പെട്ടുന്നതിനു സാധിക്കും. അങ്ങനെ കൈമാറിപ്പോകാതെയിരിക്കുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യേണ്ട താണ്. അതല്ലെങ്കിൽ നാം ഉദ്ദേശിച്ച പ്രയോജനം കിട്ടുകയില്ല. ശ്രീമാൻ മാത്യു പറഞ്ഞതുപോലെ ഭക്ഷ്യോൽപ്പാദനം വർദ്ധിക്കുകയുമില്ല. ശ്രീമാൻ, ഈ. പി. പൗലോസ് പറഞ്ഞ നിയമപരമായ നിർദ്ദേശംകൂടി കണക്കിലെടു ത്തുകൊണ്ട് alienable എന്ന വാക്ക എടുത്തുകളയാൻ തയാറാകണമെന്നു ഞാൻ ബഹു: റവന്യൂമന്ത്രിയോടു അപേക്ഷിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ എല്ലാ ഭേദഗതികളേയും എതിർക്കുകയാണ്. ഇതിൽ പറഞ്ഞിരിക്കുന്നതു ഒരു ടെനൻറിനു കിട്ടുന്ന തായ അവകാശം പരിപൂർണ്ണമായി ഉപയോഗിക്കാൻ ആ ടെനൻറിനു അവ കാശമുണ്ടെന്നാണ്. വസ്തു ഉടമസ്ഥൻ അയാളുടെ വസ്തു കീഴോട്ടകൊടുക്കാൻ കഴിയും എന്നാൽ ടെനൻസി വ്യവസ്ഥയനുസരിച്ചു കൂട്ടിയിട്ടുള്ളതാണെങ്കിൽ പിന്നീടു കൊടുക്കാൻ പാടില്ലാ. ടെനൻസി മേലാൽ ഉണ്ടാകാൻ പാടില്ലാ എന്നുള്ളതാണ് നമ്മുടെ ഉദ്ദേശം. ഈ ബില്ല് എടുത്തുനോക്കുകയാണെങ്കിൽ പഴയ കാലത്തുണ്ടായിരുന്ന ടെനൻറിനും, മേലാലുള്ള ടെനൻറിനും എല്ലാം ഫിക്സിറ്റി കൊടുക്കുമെന്നു ഫിക്സിറ്റിയുടെ സെക്ഷനിൽ പറഞ്ഞിട്ടുണ്ട്. അതു കൊടുക്കാതെയിരിക്കാൻ സാധ്യവുമല്ല. പിന്നെ മേലാൽ അതെങ്കിലും ചീസു ചെയ്യുകയാണെങ്കിൽ ആ ടെനൻറിനും ഫിക്സിറ്റി കിട്ടും.

പിന്നെ രണ്ടാമതു രാഘവമേനോന്റെ ഭേദഗതിയനുസരിച്ചു ടെനൻറിനു യാതൊന്നും ചെയ്യാൻ പാടില്ലാ എന്നാണ്. അയാളുടെ വസ്തു വില്ക്കാനും കൂടി പാടില്ല എന്നാണ് അതിന്റെ അർത്ഥം. ഇതു ഈ ടെനൻറിനു കിട്ടിയിട്ടുള്ള റൈറ്റ്സ് അംഗീകരിക്കുന്നതിനുള്ള വിസമ്മതമാണ്. പിന്നെ ടോൺസഫർ ആഫ് പ്രോപ്പർട്ടി അക്ട് മുഴുവൻ ആണ്ടു നിഷേധിക്കേണ്ടതായും വരും. ഇതു ഇന്നത്തെ നിലയ്ക്കു ജനങ്ങളുടെ സാമൂഹ്യബോധത്തിനനുസരിച്ചു കൊണ്ടുതന്നെ ടെനൻസി ഉണ്ടാക്കുകയാണ്. പിന്നെ ഭൂമി തിരിച്ചുകിട്ടുക യില്ല എന്നുള്ള ഒരു വ്യവസ്ഥമാത്രം മതി. മി. വിശ്വനാഥൻ അവിവാഹിത കളുടെയും വിധവകളുടെയും കാര്യം പറഞ്ഞു. അതു അനുവദിക്കണം എന്നു പറയുന്നതിൽ അർത്ഥമില്ല. മലബാറിനെ സംബന്ധിച്ചിടത്തോളം പറയുക യാണെങ്കിൽ മുഴുവനും സ്ത്രീകൾതന്നെയാണ് കൃഷിചെയ്യുന്നതു. ഏറനാട്ട താലൂക്കിൽ മോപ്ലാസമ്പ്രദായവും മറ്റുമുള്ളതുകൊണ്ടു മറ്റാളുകളെ ഏർപ്പെ ടുത്തിവരുന്നുണ്ട്. ഈ നിലയിൽ ടെനൻറിനു കിട്ടിയിരിക്കുന്ന അവകാശം ടോൺസഫർ ചെയ്യാനുള്ള അവകാശം അവനുവേണം. അതുകൊണ്ടു ഈ ശവണ്മെൻറ് ഇനിയും ടെനൻസി സമ്പ്രദായം ഉണ്ടാക്കുന്നു എന്നുള്ളതല്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: സ്ഥിരാവകാശം കിട്ടുമെന്നുള്ളതു ശരി യാണ്. അതിനു മറ്റു സെക്ഷൻ മതി. മേലാൽ ഉണ്ടാകാതിരിക്കാൻ വേണ്ടി ഇതു പ്രൊഹിബിറ്റു ചെയ്യാൻ ഒരു ക്ലാസ്സുകൂടി ഇതിൽ വയ്ക്കുന്നതിൽ എന്താണ് ആക്ഷേപം?

ശ്രീമതി കെ. ആർ. ഗൗരി: പർപ്പേസ് ആഫ് ടെനൻസി ചാപ്റ്ററിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്, All tenants will get fixity എന്നു.

ശ്രീ കെ. കെ. വിശ്വനാഥൻ: കുടിയാൻ കുടിയാനായിട്ടും ഇന്നി ഇന്നി യായിട്ടുമുള്ള ഒരു നില അവസാനംവരെ നിന്നുകൊള്ളുമെന്നാണോ പറയു ന്നതു? അതു പ്രൊഹിബിറ്റു ചെയ്യുന്നതിൽ എന്താണ് കുഴപ്പമുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാത്യു ഗോപിനാഥപിള്ള: മേലാൽ ടെനൻസി ഉണ്ടാകണമെങ്കിൽ റിട്ടൺ ഡാക്യുമെൻറനുസരിച്ചു ഉണ്ടാക്കണമെന്നു വല്ല വ്യവസ്ഥയുമുണ്ടോ.

ശ്രീമതി കെ. ആർ. ഗൗരി: അതൊക്കെ ടെൻസഫർ ആക്ട് പ്രാപ്പർട്ടി ആക്ടിലുണ്ട്.

The amendment moved by Shri C. A. Mathew (No. 681) was put and lost.

The amendment (No. 683) moved by Shri R. Raghava Menon was put and lost.

The amendment (No. 684) moved by Shri P. M. Kunhiraman Nambiar was put and lost.

The amendment (No. 686) moved by Shri T. A. Thomman to add a new clause after Clause 31 was put and lost.

The amendment (No. 687) moved by Shri K.K.Viswanathan to add a new clause after Cluse 31 was put and lost.

The question that clause 31 stands part of the Bill was put and carried.

The clause was added to the Bill.

The Assembly adjourned at 1 p. m. to meet again at 8 a. m. on Wednesday, the 27th May 1959.

———

LIBRARY ARCHIVES Kerala Legislative Assembly